# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2025/39

Thiruvananthapuram
23.06.2025

FORM –L
(See Rule -71)

**FORM OF NOTICE OF STRIKE TO BE GIVEN BY UNION IN PUBLIC UTILITY SERVICE**

Name of Union: Kerala Electricity Employees' Confederation (INTUC)
Reg.No.01-14/87, Affiliation No.10485
V.P Marakkar Smaraka Mandiram
Ambujavilasom Road
Thiruvananthapuram-695 001

Dated the 9th day of July 2025

To

The Secretary
KSE Board Limited
Vaidyuthi Bhavanam
Thiruvananthapuram

Dear Sir,

In accordance with the provisions contained in Sub Section (1) of section 22 of the Industrial Dispute Act 1947, we hereby give notice that we propose to go on strike for 24 hours, from 00.00 hours on 09.07.2025 for the reason explained in the annexure.

Yours faithfully,

Nazeer

General Secretary

Copy to:
1. The Labour Commissioner, Thiruvananthapuram.
2. The Chief Personnel Officer, KSE Board Limited, Thiruvananthapuram.

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No. 10485
★ INTUC ★

# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |


No. KEEC/GL/2025/40

തിരുവനന്തപുരം
23.06.2025

**(Annexure)**

സ്വീകർത്താവ്

ബഹു.സെക്രട്ടറി (ഭരണം)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം :** **കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജന-തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെ പണിമുടക്ക് നോട്ടീസ് നൽകുന്നത് സംബന്ധിച്ച്.**

**സൂചന :** **Form L - പണിമുടക്ക് നോട്ടീസ്**

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജന-തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെ INTUC അഖിലേന്ത്യാ നിർദ്ദേശപ്രകാരം 2025 ജൂലായ് 9 ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) പണിമുടക്കുകയാണ്. സൂചന Form L നോട്ടീസ്. തൊഴിലാളികളുടെയും സംഘടനകളുടെയും പ്രവർത്തനത്തെയും സ്വാതന്ത്ര്യത്തേയും തടസ്സപ്പെടുത്തുന്ന പുതിയ ലേബർ കോഡുകൾ ജനാധിപത്യ വിരുദ്ധമാണ്. പൊതുമേഖല മുഴുവൻ സ്വകാര്യവത്ക്കരിക്കാനുള്ള കേന്ദ്ര നിലപാടുകൾ എതിർക്കപ്പെടേണ്ടതാണ്. കേന്ദ്രത്തെ സന്തോഷിപ്പിക്കാൻ കേരളത്തിലെ ഇടത് ഗവണ്മെന്റും, ജന-തൊഴിലാളി ദ്രോഹത്തിൽ ഒരുപടി മുന്നിലാണ്. സ്വകാര്യവത്ക്കരണത്തിന്റെ വക്താക്കളായി പൂർണ്ണമായും മാറുന്നതിന്റെ ഭാഗമാണല്ലോ കരാർ കാലാവധി കഴിഞ്ഞ മണിയാർ പദ്ധതി ഇപ്പോഴും ഗവൺമെന്റ്/KSEB ഏറ്റെടുക്കാത്തത്. ജീവനക്കാർക്ക് അർഹതപ്പെട്ട 16% DA നാളുകളായി കുടിശ്ശികയാണ്. മുമ്പ് പ്രഖ്യാപിച്ച 4% DA യുടെ മുൻകാല പ്രാബല്യം അനുവദിച്ചിട്ടും അത് ജീവനക്കാർക്കോ, പെൻഷൻകാർക്കോ നൽകിയിട്ടില്ല. അടുത്തിടെ പ്രഖ്യാപിച്ച 3% DA യുടെ മുൻകാല പ്രാബല്യം അനുവദിച്ചിട്ടില്ല. CEA പ്രകാരം ട്രെയിനിങ് പൂർത്തിയാക്കിയിട്ടും ഇലക്ട്രിസിറ്റി വർക്കറിന് പ്രമോഷൻ നൽകുന്നില്ല. ഇങ്ങനെ നിരവധി തൊഴിലാളി ദ്രോഹ നടപടികളുമായി KSEBL ഉം ഇടത് സർക്കാരും പോയ്ക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിലാണ് ഞങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ പണിമുടക്കുന്നത്.

**<u>പണിമുടക്കിന് ആധാരമായി ഞങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ</u>**

- തൊഴിലാളി വിരുദ്ധ ലേബർ കോഡ് പിൻവലിക്കുക.
- തൊഴിലാളി ക്ഷേമനിധി ബോർഡുകൾ തകർക്കുന്ന സംസ്ഥാന സർക്കാർ നിലപാടുകൾ തിരുത്തുക.
- കുടിശ്ശിക 16% DA അനുവദിക്കുക, KSEBL ജീവനക്കാർക്ക് അർഹതപ്പെട്ട DA യുടെ മുൻകാല പ്രാബല്യം അനുവദിക്കുക.
- തടഞ്ഞുവച്ചിരിക്കുന്ന വർക്കർ, ലൈൻമാൻ പ്രമോഷൻ പുറത്തിറക്കുക.
- പോസ്റ്റിംഗ് സ്ട്രെങ്തിന്റെ പേരിൽ തസ്തികകൾ ഇല്ലാതാക്കുന്ന നടപടികൾ അവസാനിപ്പിക്കുക.
- ബന്ധുനിയമനം അവസാനിപ്പിക്കുക.
- അർഹതപ്പെട്ട സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുക.
- പുനഃസംഘടനയുടെ മറവിൽ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക.
- ധൂർത്ത് അവസാനിപ്പിക്കുക.
- ലൈനിലുണ്ടാകുന്ന അപകടങ്ങളുടെ ബാധ്യത ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കുന്ന ഉത്തരവ് റദ്ദ് ചെയ്യുക.
- ആശ്രിത നിയമനം നടത്തുക
- OA യിൽ നിന്നും കാഷ്യറിലേക്കുള്ള 10% പ്രമോഷനും കാഷ്യർ സ്കെലിന് താഴെയുള്ള മറ്റു കാറ്റഗറികളിൽ നിന്നും കാഷ്യറിലേക്കുള്ള 10% പ്രമോഷനും നടത്തുക.
- സബ് എഞ്ചിനീയർ ഇൻസർവ്വീസ് ക്വാട്ട (10%) ഉടൻ വിളിക്കുക
- ശമ്പള പരിഷ്ക്കരണ ചർച്ച തുടങ്ങുക.
- നിലവിലുള്ള 7000 ൽ പരം ഒഴിവുകൾ നികത്തുക.
- KSEB പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് നൽകാനുള്ള തുക ഉടൻ നൽകുക.
- മണിയാർ 12 MWപദ്ധതി KSEB ഏറ്റെടുക്കുക. സ്വകാര്യവത്ക്കരണം അവസാനിപ്പിക്കുക.
- KSEBL നെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കവും കൺസൾട്ടൻസിയും അവസാനിപ്പിക്കുക.
- ത്രികക്ഷി കരാർ ലംഘനം അവസാനിപ്പിക്കുക.

വിശ്വസ്തതയോടെ

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | നസീർ.എം<br>ജനറൽ സെക്രട്ടറി |

**<u>ഉള്ളടക്കം:</u>**

1. **പണിമുടക്ക് നോട്ടീസ്** FORM – L

KERALA ELECTRICITY EMPLOYEES CONFEDERATION Reg: No. 01-14/87 AFFI No 10486 ★ INTUC ★